Draft #71 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 20-Dec-2019 11:41 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ജീവനക്കാര്യം - അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം,നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6577/AD A1/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 20.12.2019

പരാമർശം:-1. ശ്രീ.ഗോപകുമാർ എം.എസ്.,സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്) 13.12.2019-ൽ സമർപ്പിച്ച അപേക്ഷ.
2. സർവ്വകലാശാലാ ഉത്തരവ് നം. 6469/AD A1/2019/എം.ജി.യു തീയതി 16.12.2019
3. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016
4. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**ഉത്തരവ്**

ശ്രീ. ഗോപകുമാർ എം.എസ്.,സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്)., 02.09.2019മുതൽ 20.12.2019 വരെയുള്ള അവധിയ്ക്ക് ശേഷം പരാമർശം (1) പ്രകാരം ജോലിയിൽ തിരികെ പ്രവേശിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി.ശാലിനി എ.ആർ., അസിസ്റ്റന്റ് രജിസ്ട്രാറെ പരാമർശം (2) പ്രകാരം NUALS - ലേക്ക് അന്യത്രസേവനത്തിനായി 16.12.2019 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീമതി.ബിന്ദു എൻ.ബി., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ (EB 14 ) | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 - 89,000/- ശമ്പള സ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. ശാലിനി എ.ആർ., അസിസ്റ്റന്റ് രജിസ്ട്രാർ അന്യത്ര സേവനത്തിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | അസിസ്റ്റന്റ് രജിസ്ട്രാർ 6 (പരീക്ഷാവിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 2. | ശ്രീ.ഗോപകുമാർ എം.എസ്.,സെക്ഷൻ ഓഫീസർ,(ഹയർ ഗ്രേഡ്) | 21.12.2019 പൂർവാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിയ്ക്കുവാൻ അനുവദിച്ചിരിക്കുന്നു. | ശ്രീമതി. ബിന്ദു എൻ.ബി.,സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | ഇ.ബി 14 സെക്ഷനിൽ, നിയമിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റൻറ് രജിസ്ട്രാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്. ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #71 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 20-Dec-2019 11:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം